"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി - ആലപ്പുഴ ജില്ലയിൽ എ.എസ് കനാലിന് കുറുകെയുള്ള സെന്റ് മേരീസ് പാലത്തിന്റെ നിർമ്മാണം - ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് നിഷ്കർഷിച്ചിട്ടുള്ള ഹൊറിസോണ്ടൽ / വെർട്ടിക്കൽ മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.18/2024/CSIND തീയതി, തിരുവനന്തപുരം, 06-06-2024**

പരാമർശം:- 1. സ.ഉ.(കൈ.)നം.10/2019/സി.എസ്.ഐ.എൻ.ഡി, തീയതി 20/12/2019.

2. സെന്റ് മേരീസ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18/01/2024-ൽ കൂടിയ യോഗത്തിന്റെ മിനിട്സ്.

3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 20/02/2024-ലെ w8-099/CE/IN/2018/Vol.4 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ജലപാതകൾക്കും, ഫീഡർ കനാലുകൾക്കും കുറുകെയുള്ള നിർമ്മിതികൾക്ക് വെർട്ടിക്കൽ / ഹൊറിസോണ്ടൽ ക്ലിയറൻസ് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഫീഡർ കനാലുകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. ആലപ്പുഴ ജില്ലയിൽ ആലപ്പുഴ- ചേർത്തല കനാലിനു കുറുകെയുള്ള സെന്റ്. മേരീസ് പാലത്തിന്റെ നിലവിലെ അംഗീകരിച്ച ഡിസൈൻ പ്രകാരം വെർട്ടിക്കൽ ക്ലിയറൻസ് 3 മീറ്റർ മാത്രമാണെന്നും, നിലവിൽ 75% പ്രവൃത്തി പൂർത്തിയാക്കിയ മേൽ പാലത്തിന്റെ നിർമ്മാണം തുടരുന്നതിന് നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകിക്കൊണ്ട് അനുമതി നൽകണമെന്നും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

3. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 18/01/2024-ൽ കൂടിയ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗത്തിൽ പാലത്തിന്റെ നിർമ്മാണം 75 ശതമാനം പൂർത്തിയായതിനാലും, പ്രവൃത്തിക്കായി ചെലവഴിച്ച തുക നഷ്ടമാകും എന്നതിനാലും പാലം റീ ഡിസൈൻ ചെയ്യുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ കഴിയില്ല എന്ന വസ്തുത പരിഗണിച്ചും പരാമർശം (1) ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകിക്കൊണ്ട് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിക്കുന്നതിനും, കുട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്നതും വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡങ്ങൾ പാലിക്കാതെ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നതുമായ പാലങ്ങളിൽ സെന്റ് മേരീസ് പാലം ഒഴികെയുള്ള മറ്റെല്ലാ

പാലങ്ങളും മേൽ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് റീ ഡിസൈൻ ചെയ്തു നിർമ്മിക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് സെന്റ്. മേരീസ് പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുമതി /നിരാക്ഷേപ പത്രം ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ നിരാക്ഷേപ പത്രം നല്കുന്നതിന് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് ലഭ്യമാക്കണമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലത്തിന്റെ നിർമ്മാണം 75% പൂർത്തീകരിച്ചിട്ടുള്ളതിനാൽ റീഡിസൈൻ ചെയ്യാൻ കഴിയില്ലെന്നതും പുനർനിർമ്മിക്കുന്നപക്ഷം ഇതിനോടകം ചെലവഴിച്ച തുക നഷ്ടമാകുമെന്നതും കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ആലപ്പുഴ ജില്ലയിൽ ആലപ്പുഴ- ചേർത്തല കനാലിനു കുറുകെയുള്ള സെന്റ് മേരീസ് പാലം നിർമ്മാണത്തിന് നിരാക്ഷേപ പത്രം നല്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., കൊച്ചി.
പൊതു മരാമത്തുവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/150/2023/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 07-06-2024 12:48:31
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
സി.എസ്.ഐ.എൻ. വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്